## ജില്ലാ അദാലത്ത് സമിതി യോഗം

26/06/2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം- BPTVPMC0167000050

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | – | ശ്രീ. അബ്ദുൾ ഹക്ക്<br>TC 53/1413, ദാരുൾസലാം, ഹോമിയോ കോളേജ്, വെള്ളായണി ജംഗ്ഷൻ, നേമം പി.ഒ. |
| പരാതി വിഷയം | – | കെട്ടിട നമ്പർ നൽകുന്നില്ല എന്ന പരാതി-<br>സംബന്ധിച്ച്. |
| സൂചന | – | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം<br>ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000050 ഡോക്കറ്റ് നമ്പർ പരാതി. |

**സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.**

പരാതിക്കാരൻറെ ഉടമസ്ഥതയിലുള്ള വസ്തുവിൻറെ അതിർത്തിയോട് ചേർന്ന് കെട്ടിട നിർമ്മാണം നടത്തുന്നതിന് അയൽപക്കത്തുള്ള വസ്തു ഉടമ അനുവാദ പത്രം മുമ്പ് നൽകിയിരുന്നു. KMBR 2019 ചട്ടം 26(4) പ്രകാരം ഗ്രൂപ്പ് A1, A2, F വിനിയോഗ ഗണങ്ങളിൽ ഉൾപ്പെട്ട, തറ നിരപ്പിൽ നിന്നും 7 മീറ്റർ വരെ നീളമുള്ള, കെട്ടിടങ്ങൾക്ക് തൊട്ടടുത്ത ഭൂമിയുടെ ഉടമസ്ഥൻറെ സമ്മതത്തോടെ ഏതെങ്കിലും ഒരു സൈഡ്/ പുറക് വശത്തോ അല്ലെങ്കിൽ രണ്ടും കൂടിയോ ഒരു തെരുവ് ഒഴികെയുള്ള സ്ഥലത്ത് അതിർത്തിയോട് ചേർത്ത് നിർമ്മിക്കാവുന്നതാണ്. കൂടാതെ ഒരു ഭൂവുടമ അയൽപക്ക പുരയിടത്തിൽ തൻറെ അതിരിനോട് ചേർന്ന് നിർമ്മാണം നടത്തുന്നതിന് സ്വമേധയാ അനുമതി നൽകിയാൽ അങ്ങനെ നിർമ്മാണം നടത്തുന്ന വ്യക്തിയുടെ ആ പുരയിടത്തോട് ചേർത്ത് നിർമ്മാണം നടത്തുന്നതിന് ആദ്യം സമ്മതം നൽകിയ വ്യക്തിയ്ക്ക് അവകാശമുണ്ടായിരിക്കുന്നതും ആയതിന് രേഖാമൂലം സമ്മതം നേടേണ്ടതില്ലാത്തതുമാണ്.

മേൽപടി വസ്തുതകൾ കണക്കിലെടുത്ത് ശ്രീ.അബ്ദുൾ ഹക്കിന് കെട്ടിട നമ്പർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

Local Self Government Department, District Joint Director Office, Thiruvananthapuram

JYOTHIS.V
ASSISTANT DIRECTOR-1
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM